**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4650** **02-07-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ കോട്ടത്തോട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ മുൻവശത്തുള്ള കോട്ടത്തോട് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (എ) | മാവേലിക്കര എം.എൽ.എ നിർദ്ദേശിച്ച നിയോജക മണ്ഡല ആസ്തി വികസന പദ്ധതി 2022-23-ൽ ഉൾപ്പെട്ട കോട്ടത്തോട് നവീകരണ പ്രവൃത്തിയ്ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 30 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുകയും ശ്രീ.ഉണ്ണികൃഷ്ണൻ.കെ എന്ന കരാറുകാരനുമായി കരാറിലേർപ്പെട്ടുകയും പ്രവൃത്തി സ്ഥലം 9 മാസം പൂർത്തീകരണ കാലാവധിയിൽ 15.07.2023-ൽ കരാറുകാരന് കൈമാറുകയും പൂർത്തീകരണ കാലാവധി 14.04.2024-ൽ അവസാനിക്കുകയും ചെയ്തു. എന്നാൽ കരാറുകാരൻ മേൽ പ്രവൃത്തി ആരംഭിച്ചില്ല. ആയതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി കരാറുടമ്പടി റദ്ദ് ചെയ്ത് പുനർക്രമീകരിക്കുന്നതിന് ചെങ്ങന്നൂർ, എം.ഐ. ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 12.06.2024 തീയതിയിൽ ഉത്തരവായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ